പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6528 — 21/11/2019 ലെ മറുപടി

# അനധികൃത വിദ്യാലയങ്ങളെ നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.വി. അബ്ദുറഹിമാൻ | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പല സ്വകാര്യ വിദ്യാലയങ്ങളിലും ഫീസ് നൽകാത്തതിന്റെ പേരിൽ പ്രൈമറിതലത്തിലുള്ള കുട്ടികളെ ഉൾപ്പെടെ നിരന്തരം അപമാനിച്ച് ബുദ്ധിമുട്ടിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) നിർദ്ധനരായ രക്ഷിതാക്കളിൽ നിന്നുപോലും അമിത ഫീസ് ഈടാക്കുന്നതിന്റെ ഭാഗമായി കുട്ടികളെ ശകാരിക്കുന്നതും ക്ലാസ്സിന് പുറത്താക്കുന്നതും ഉൾപ്പെടെയുള്ള പീഡനങ്ങൾ നിയന്ത്രിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (ബി) കുട്ടികളെ ശകാരിക്കുന്നതും ക്ലാസിന് പുറത്താക്കുന്നതും ഉൾപ്പെടെയുള്ള പീഡനങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പരാതികൾ ലഭിക്കുകയാണെങ്കിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതുമാണ്. |
| (സി) സംസ്ഥാനത്ത് അംഗീകാരമില്ലാതെ പ്രവർത്തിക്കുന്ന സ്കൂളുകൾ മേൽസൂചിപ്പിച്ച പ്രകാരമുള്ള പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ; | (സി) ഇത്തരം പ്രവണതകൾ ആവർത്തിക്കാതിരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായുള്ള നിർദ്ദശങ്ങൾ നൽകിയിട്ടുള്ളതാണ്. |
| (ഡി) മതിയായ അംഗീകാരമില്ലാതെയും ചട്ടം ലംഘിച്ചും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെ നിയന്ത്രിക്കുന്നതിന് കർശന നടപടി സ്വീകരിക്കുമോ? | (ഡി) മതിയായ അംഗീകാരമില്ലാതെയും ചട്ടം ലംഘിച്ചും പ്രവർത്തിക്കുന്ന വിദ്യാലയങ്ങളെ സംബന്ധിച്ച് പരാതി ലഭിക്കുന്ന പക്ഷം കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ